ഇവിടെ 77 ക്ലാസ്സുമുറികളാണ് ആവശ്യമുള്ളത്. എന്നാൽ 77 ക്ലാസുമുറികളും ആവശ്യമുള്ള ഈ സ്ക്കൂളിൽ വെറും 44 മുറികളും മാത്രമേയുള്ളൂ. ആ 44 മുറികളും തന്നെ ഈ കഴിഞ്ഞ വെള്ളപ്പൊക്കകാലത്തു കൊടുത്തതുകൊണ്ട് നിർമ്മിച്ചതാണ്. 44 മുറികളിൽ മൂന്നു ഷിഫ്റ്റുകളിലായി ക്ലാസ്സുകളും നടക്കുന്നതുമൂലം നല്ലനിലവാരത്തിൽ കഴിഞ്ഞ ഈ സ്ക്കൂളും ഇന്ന് വളരെ താഴ്ന്ന നിലവാരത്തിലേക്ക് വന്നിരിക്കുകയാണ്. അതുമാത്രമല്ല, ഇന്നുള്ളതിൽ തന്നെ 3 ഡെഡ്ഡുകൾക്ക് താൽക്കാലികമായി ഇപ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുകയാണ്. ഏത് നിമിഷവും നിലംപതിക്കാമെന്നുള്ള നിലയിൽ ഈ സ്ക്കൂൾ എത്തിയിരിക്കുന്നു. കഴിഞ്ഞ 7 വർഷത്തിനുമുമ്പ് ഈ സ്ക്കൂളിൽ 27 ലക്ഷം രൂപയുടെ 3 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും ടെക്നിക്കൽ സാങ്ഷനും നൽകിയതാണ്. എന്നാൽ ആ കെട്ടിടങ്ങൾ ഇതുവരെയും നിർമ്മിച്ചിട്ടില്ല. അതുകാരണം നല്ല നിലവാരത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ള ഒരു ഹൈസ്ക്കൂൾ ഇന്ന് വളരെയധികം താഴോട്ട് പോന്നിരിക്കുന്നു. 3 കെട്ടിടങ്ങൾ പുതുതായി നിമിഷവും നിലംപതിക്കാവുന്ന സ്ഥിതിയിലേക്ക് കുഞ്ഞുങ്ങൾക്ക് അപകടം സംഭവിക്കാവുന്ന സ്ഥിതിയിലേക്ക്. നീങ്ങിയിരിക്കുന്ന ഈ സാഹചര്യത്തിൽ 27 ലക്ഷം രൂപയുടെ 3 കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ആ 3 കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് ഈ വിദ്യാഭ്യാസവർഷം ഏതെങ്കിലും കാരണവശാൽ കഴിയാതെ വരുകയാണെങ്കിൽ അതിൽ ഏതെങ്കിലും ഒരു കെട്ടിടമെങ്കിലും നിർബന്ധമായും ഈ അദ്ധ്യയനവർഷം തന്നെ നിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കല്ലിയൂർ പഞ്ചായത്തിലെ പുന്നമൂട് ഗവൺമെന്റ് ഹൈസ്ക്കൂളിനു കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 27 ലക്ഷം രൂപയുടെ ഒരു ഭരണാനുമതി ഗവൺമെന്റ് നൽകിയിരുന്നു. അതിനുള്ള ടെക്നിക്കൽ സാംഗ്ഷനും കൊടുത്തിട്ടുണ്ട്. പക്ഷേ ഫണ്ടിന്റെ അപര്യാപ്തതകൊണ്ടാണ് ആ വർക്ക് പുരോഗമിക്കാത്തത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആ സ്ക്കൂളിന് കെട്ടിടം ആവശ്യമാണെന്ന് ഡിപ്പാർട്ടുമെന്റിന് ബോദ്ധ്യമായിട്ടുണ്ട്. ഏതെങ്കിലും നിലയിൽ അതിനുള്ള പ്രവർത്തനം നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഒരു കെട്ടിടമെങ്കിലും പണിയുന്ന കാര്യം ഗവൺമെന്റ് സജീവമായിട്ട് പരിഗണിക്കുന്നതാണ്.

(3) ആലത്തൂർ താലൂക്കിലെ കൊലപാതകങ്ങൾ

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ആലത്തൂർ താലൂക്കിൽ, പൊതുവിലും വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പ്രത്യേകിച്ചും ദിവസേനയെന്നോണം കൊലപാതകങ്ങളും നടക്കുകയാണ്. ഈ കൊലപാതകങ്ങളോട് നിരുത്തരവാദപരമായ സമീപനമാണ് പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത്. അതുകൊണ്ട് ഒരൊറ്റ കേസിലും പ്രതികളെ പിടിക്കുന്നതിനോ കേസ് എടുക്കുന്നതിനോ ഇന്നേവരെ നടപടികളും സ്വീകരിച്ചിട്ടില്ല. ഞാൻ കഴിഞ്ഞ ജൂലായ് മാസത്തിൽ സൂചിപ്പിച്ചിരുന്നതാണ്. കഴിഞ്ഞ ജൂലായ് മാസം 14-ാം തീയതി അർദ്ധരാത്രി, എന്റെ പഞ്ചായത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിൽ, കരിങ്കയത്ത് 'സണ്ണി'യെന്നു പറയുന്ന ഒരാളെ

LIBRARY ARCHIVES Kerala Legislative Assembly

ഉറങ്ങിക്കിടന്ന സമയത്ത് അയാളെ കൊലചെയ്തു. ആ കേസിൽ ഇന്നുവരേയും സംശയമുള്ളവരെ ചോദ്യം ചെയ്തിട്ടില്ല, ആരേയും അറസ്റ്റു ചെയ്തിട്ടില്ല. നിരപരാധികളെ ചോദ്യം ചെയ്യുന്നുണ്ട്. പാവപ്പെട്ടയാളുകളെ പിടിച്ചുകൊണ്ടുപോയി മർദ്ദിക്കുക, വിടുക, വീണ്ടും അവരെ പിടിച്ചുകൊണ്ടു പോകുക, മർദ്ദിക്കുക, ഇതല്ലാതെ ചോദ്യം ചെയ്യേണ്ട ആളുകളെയോ സംശയമുള്ള ആളുകളെയോ പറയുന്ന ആളുകളെയോ ചോദ്യം ചെയ്യുന്നില്ല. അതുകൊണ്ടാണ് സണ്ണിയുടെ കൊലപാതകം ഇന്നുവരേയും തെളിഞ്ഞിട്ടില്ലാത്തത്.

വടക്കഞ്ചേരി പഞ്ചായത്തിൽ പോലീസ് സ്റ്റേഷന്റെ മൂക്കിന് മുൻപിലാണ് ജോയി എന്നു പറയുന്ന ഒരാളുടെ വീടിന് ഉള്ളിൽ വെച്ച് കൊലപാതകം നടന്നത്. അയാളുടെ മകൻ മനോജ് 15 വയസുകാരൻ വിദ്യാർത്ഥിയാണ്. അയാളെ രാത്രി ഏഴര മണിക്ക് വീട്ടിൽപ്പോയി കുത്തി കൊലപ്പെടുത്തി. അയാളുടെ അച്ഛൻ ജോയിക്ക് മാരകമായ പരിക്ക് പറ്റി, ഇപ്പോൾ തൃശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിലാണ്. അയാളെ അവിടെ നിന്നും ഇപ്പോൾ കോഴിക്കോട്ടേക്ക് കൊണ്ടുപോയിരിക്കുകയാണ്. ജീവൻ രക്ഷിക്കാൻവേണ്ടി, രക്ഷിക്കാൻ നിവൃത്തിയില്ലെന്നാണ് ഡോക്ടർ പറയുന്നത്. ഇങ്ങനെ പോലീസ് സ്റ്റേഷന്റെ മൂക്കിന്റെ മുൻപിൽവച്ച് നടന്ന കൊലപാതകമാണ്. ഇന്നയാളാണ് എന്നെ വെട്ടിയത്, കുത്തിയത്, എന്നു പറഞ്ഞിട്ടുപോലും ആ കേസുകളിൽ പോലും ഇന്നുവരെ ഒരു തെളിവും ഉണ്ടായിട്ടില്ല, ഒരാളേയും ഇന്നുവരെ അറസ്റ്റു ചെയ്തിട്ടില്ല.

അതുപോലെതന്നെ വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള കണ്ണമ്പയിൽ രക്കാൻഡിയിലുള്ള വൽസ എന്നു പറയുന്ന ഒരു സ്ത്രീ മരിച്ചു. ആത്മഹത്യയാണെന്ന് പോലീസ് പറയുന്നു. നാട്ടുകാർ എല്ലാവരും പറയുന്നു, കൊലപാതകമാണെന്ന്. മുട്ടിനുമുകളിൽ വെള്ളത്തിൽ ഒരു സ്ത്രീ മുങ്ങിമരിച്ചുവെന്നാണ്—വിചിത്രമായ ഒരു കഥ. മൂന്നരയടി വെള്ളത്തിൽ അഞ്ചരയടി ഉയരമുള്ള ഒരു സ്ത്രീ മുങ്ങിമരിച്ചുവെന്നാണ് പോലീസുകാർ പറയുന്നത്. അവരുടെ കുടുംബക്കാരോ ബന്ധുക്കളോ ആരും തന്നെ പറയുന്നില്ല അത് ആത്മഹത്യയാണെന്ന്. സംശയകരമായ മരണമാണെന്നാണ് അവർ പറയുന്നത്. അത് തെളിയിക്കാൻ നടപടിയില്ല. അതുകൊണ്ട് അരക്ഷിതാവസ്ഥയാണ് അവിടെയുള്ളത്. രാത്രി കിടന്നുറങ്ങാൻ ആളുകൾക്ക് ഭയമാണ്. ശ്രീ. വി. സി. കബീർ, ശ്രീ. കെ. ഇ. ഇസ്മയിൽ ശ്രീ. ടി. കെ. ആറുമുഖൻ, ശ്രീ. സി. ടി. കൃഷ്ണൻ എന്നീ നാല് എം. എൽ. എ. മാർ ആ താലൂക്കിൽ ആ പരിസരത്തുണ്ട്. പക്ഷേ വഴിനടക്കാൻ നിവൃത്തിയില്ല. ഒക്ടോബർ 27-ാം തീയതി ആലത്തൂർ സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലേക്കും വടക്കഞ്ചേരി പോലീസ് സ്റ്റേഷനിലേക്കും മാർച്ച് സംഘടിപ്പിക്കുവാൻ ആളുകൾ തീരുമാനിച്ചിരിക്കുകയാണ് അവിടെ സൈരമില്ല, അരക്ഷിതാവസ്ഥയാണ്. പട്ടാപ്പകൽ കൊല നടന്നതാണ്. സാമൂഹ്യദ്രോഹികളുടെ പേരിൽ ആർ. എസ്. എസ്. കാർ, നക്സലൈറ്റുകൾ, എല്ലാവരും അഴിഞ്ഞാടുകയാണ്. കൊലയാളികളും ജനദ്രോഹികളും അവിടെ വിലസുന്നു. പോലീസുകാർ കൈയും കെട്ടി നോക്കിനിൽക്കുന്നു. മനുഷ്യജീവന് യാതൊരു വിലയുമില്ല. പണത്തിനാണ് വില. അതുകൊണ്ട് മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശക്തമായ ഒരു നടപടിയെടുക്കണം. അവിടെ ആളുകൾക്ക് സമാധാനപരമായി ജീവിക്കാനുള്ള ഒരു അന്തരീക്ഷമുണ്ടാക്കണം. കൊലയാളികൾ ആരാണെന്നറിയാൻ അവരെ അന്വേഷിക്കണം. അന്വേഷണം കൈം ബ്രാഞ്ചിനെ ഏൽപ്പിച്ചുവെന്ന് ഔപചാരികമായി ഇവിടെ പറഞ്ഞാൽ പോരാ. ശരിയായ അന്വേഷണം വേണം. ആളുകൾക്ക് സമാധാനം

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാക്കുന്നതിനുള്ള നടപടി വേണം. അക്രമികൾക്ക് സൈരവിഹാരം നടത്താനുള്ള മറ്റു നടപടിയും ആ ഭാഗത്ത് ഉണ്ടാകാൻ പാടില്ല. പോലീസിന് കർശനമായ നിർദ്ദേശം ഇക്കാര്യത്തിലുണ്ടാകണം. ഈ കൊലപാതകികളെ കണ്ടുപിടിക്കാത്തിടത്തോളം കാലം അവിടെ ആളുകൾക്ക് സമാധാനപരമായി ജീവിക്കാനുള്ള അന്തരീക്ഷമുണ്ടാക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ശക്തമായ നടപടികളെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതിലെ പൊതുവായിട്ടുള്ള കാര്യങ്ങൾ പറഞ്ഞാൽ ശ്രദ്ധക്ഷണിക്കലിലൂടെ മറുപടി പറയാൻ ബുദ്ധിമുട്ടുണ്ടാകും. പക്ഷേ ഇവിടെ ഉന്നയിച്ച കാര്യങ്ങളിൽ രണ്ടു കേസുകളിൽ നേരിട്ട് കണ്ണിപ്രത്തേയും മറേറത് ആലത്തൂരേയും ആണ്. ഇത് രണ്ടിനെറയും അന്വേഷണത്തിൽ വേണ്ടിടത്തോളം തെളിവ് കിട്ടാത്തതുകൊണ്ട് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഇവിടെ വെള്ളത്തിൽ മുങ്ങിമരിച്ചുവെന്നു പറഞ്ഞു. പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ പറയുന്നത് വെള്ളത്തിൽ മുങ്ങിമരിച്ചു എന്നാണ്. ഒരു കാര്യം ഞാൻ പറയാം. മൂന്നടി വെള്ളം മാത്രം ഉള്ളതുകൊണ്ട് മുങ്ങിമരിക്കുകയില്ലെന്ന് തെറ്റിദ്ധാരണ ഉണ്ടാകരുത്. അത് ശാസ്ത്രീയമായിട്ട് പറയാൻ സാധിക്കുകയില്ല. എന്തായാലും അതിലെ കോൺട്രവേഴ്സിയിലേക്കൊന്നും ഞാൻ പോകുന്നില്ല. ആധികാരികമായി ഡോക്ടർ പോസ്റ്റുമാർട്ടം നടത്തിയിട്ട് പറഞ്ഞിരിക്കുന്നത് മുങ്ങി മരിച്ചുവെന്നാണ്.... (ബഹളം) .... അതുകൊണ്ട് എനിക്ക് നാട്ടുകാർ പറയുന്നതനുസരിച്ച് കേസ് എടുക്കാൻ പറ്റില്ല. ഒരു പോസിറ്റീവ് ആയിട്ടുണ്ടെങ്കിൽ അതിൽ സംശയമുള്ളതുകൊണ്ട്, അക്കാര്യം ക്രൈംബ്രാഞ്ചിന് വിട്ടുകൊടുത്തിരിക്കുകയാണ്. ക്രൈംബ്രാഞ്ച് അന്വേഷിച്ച് കുറ്റക്കാരെ കണ്ടുപിടിക്കും.

(4) പട്ടാമ്പി താലൂക്ക് രൂപീകരണം

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, പട്ടാമ്പി താലൂക്ക് രൂപീകരണം എന്ന ആവശ്യം ഈ സഭയിൽ വീണ്ടും ഞാൻ ഉന്നയിക്കുകയാണ്. നാളെ പട്ടാമ്പി, തൃത്താല മേഖലകളിലെ മുഴുവൻ ബഹുജനങ്ങളും പങ്കെടുത്തുകൊണ്ട് വഴി തടയലും ബന്ദും പണിമുടക്കുമൊക്കെ നടക്കുകയാണ്.

10 a.m.] പട്ടാമ്പി താലൂക്ക് രൂപീകരണ പ്രശ്നം വളരെ കാലപ്പഴക്കമുള്ളതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഇവിടെ ഭരണത്തിലുണ്ടായിരുന്ന കാലത്ത് നമ്മുടെ കേരള സംസ്ഥാനത്തിലെ ഏറ്റവും വലിയ ഒരു താലൂക്കാണ് ഒറ്റപ്പാലം താലൂക്കെന്നും ഭൂമിശാസ്ത്രപരമായി, ജനസംഖ്യാപരമായി വിഭജിക്കേണ്ടതാവശ്യമാണെന്നും, കേരള സംസ്ഥാനത്തിൽ വിഭജനം നടത്തുമ്പോഴ അതിൽ പ്രഥമ പരിഗണന നൽകേണ്ടത് പട്ടാമ്പി താലൂക്കിനാണെന്നും തീരുമാനിക്കുകയും, അതിൻറെ നടപടികളം ആരംഭിക്കുകയും ചെയ്തതാണ്. എന്നാൽ ഈ ഗവൺമെൻറ് വന്നതിനു ശേഷം ആ നടപടികളം പിന്നീട് നിർത്തിവച്ചു. ഇപ്പോൾ താലൂക്കുകളം അംഗീകരിച്ചുകൊടുക്കുന്നത്, ജില്ലകളം അംഗീകരിച്ചുകൊടുക്കുന്നത് ചില രാഷ്ട്രീയ പരിഗണനകളം വച്ച്, കാല് മാറ്റത്തിനും കൂറുമാറ്റത്തിനും പ്രേരണക്കും വിധേയമായിക്കൊണ്ടാണെന്നാണ് കേൾക്കുന്നത്. പക്ഷേ ഒരു താലൂക്കിനോ ജില്ലക്കോ വേണ്ടി ഞങ്ങളാരും കെ. കെ. നായരാവാനൊന്നും തീരുമാനിച്ചിട്ടില്ല. എന്നാൽ ഭരണപരമായ സൗകര്യത്തിനും, ജനങ്ങളുടെ സൗകര്യത്തിനും, ഇതുപോലെ വിസ്തൃതമായ ഒരു മേഖല വിഭജിക്കണം എന്നതാണെങ്കിൽ അത് ഗവൺമെൻറ് ആ രീതിയിൽ തന്നെ അംഗീക

LIBRARY ARCHIVES Kerala Legislative Assembly